

# ശ്രദ്ധ

ലക്കം - 3

2016 ജനുവരി

www.devakiwarrier.org

ദേവകീവാര്യർ സ്മാരക വാർത്താപത്രിക

## കരുത്തു പകർന്നു നല്കിയ മൃദുസ്പർശം

ആ കൈകളിൽ പിടിച്ച് വണ്ടിയിലേക്ക് കയറുമ്പോൾ, ഓരോ സ്ഥാപനത്തിന്റേയും പടികയറുമ്പോൾ എത്ര മൃദുവാണ് ഈ കരങ്ങൾ എന്ന് ഞാൻ വിചാരിക്കാറുണ്ടായിരുന്നു. പക്ഷേ ആ മൃദുസ്പർശം എനിക്ക് പകർന്നു നല്കിയിരുന്ന കരുത്ത് ഇപ്പോഴാണ് ഞാൻ തിരിച്ചറിയുന്നത്. ദുഃഖവും വേദനയും വിഷമവും അനുഭവിക്കുന്നവർക്ക് ആശ്വാസം പകരാൻ എത്ര കഷ്ടപ്പെടാനും എന്തു ത്യാഗവും സഹിക്കാനും സദാസന്നദ്ധമായിരുന്ന ആ മനസ്സ് വളരെയേറെ വിശാലമായിരുന്നു. ഇത്ര പെട്ടെന്ന് ആ സാന്നിദ്ധ്യം ഇല്ലാതാകുമെന്ന് സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. അതുകൊണ്ട് തന്നെ അതുമായി പൊരുത്തപ്പെടാനാവുന്നില്ല.

42 വർഷം മുമ്പ് 1973 ൽ കേരള വർക്കിംഗ് വിമൻസ് അസോസിയേഷന്റെ രൂപീകരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുമ്പോഴാണ് പത്മിനി ചേച്ചിയെ പരിചയപ്പെടുന്നത്. ആ പരിചയം അതിവേഗം സ്നേഹബന്ധമായി വളർന്നു. ഞങ്ങളുടെ കുട്ടികളും ബാലസംഘത്തിലും SFI യിലും ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ട് ഉറ്റ സുഹൃത്തുക്കളായി. ബാലസംഘം സെക്രട്ടറിയും പ്രസിഡന്റുമായിരുന്ന അശോകനും സുകന്യയും പാർട്ടി പ്രവർത്തകരുടെ ഇടയിൽ ബോബനും മോളിയുമായിരുന്നു. അന്ന് SFI നേതാവായിരുന്ന C. P.ജോണിട്ട പേര് വലിയ സ്വീകാര്യതയാണ് നേടിയത്. 1992 ൽ ദേവകി വാര്യർ ഞങ്ങളെ രണ്ടുപേരേയും കൂടി വിളിച്ച് വർക്കിംഗ് വിമൻസ് അസോസിയേഷന്റെ ചില പ്രശ്നങ്ങളുണ്ടെന്നും ഞങ്ങൾ ആ ചുമതല ഏറ്റെടുക്കണമെന്നും അറിയിച്ചു. വർക്കിംഗ് വിമൻസ് അസോസിയേഷന്റെ കമ്മറ്റി അക്കാലത്ത് അത്ര സുഗമമായിട്ടായിരുന്നില്ല പ്രവർത്തിച്ചു വന്നത്. അതിൽ വിഷമിക്കുന്ന ഒരാളായിരുന്നു ഞാൻ. രണ്ടു ഗ്രൂപ്പിന്റെ ഭാഗത്തുനിന്നും പ്രശ്നങ്ങൾ തീർക്കാനല്ല, വലുതാക്കാനാണ് ശ്രമങ്ങൾ ഉണ്ടായത്. അതുകൊണ്ട് ഈ സ്ഥാപനം ഏറ്റെടുക്കാൻ എനിക്ക് വലിയ താൽപര്യം ഉണ്ടായിരുന്നില്ല. കൂടാതെ എന്റെ പ്രിയസുഹൃത്ത് ഗിരിജാപോറ്റി ഞങ്ങളെ വിട്ടുപോയിരുന്നു. ഗിരിജയായിരുന്നു കെട്ടിടത്തിന്റെ കണക്കുകൾ കൈകാര്യം ചെയ്തിരുന്നത്. ഗിരിജക്ക് കാൻസർ രോഗം ബാധിച്ചപ്പോൾ ആ ചുമതല ഗിരിജയ്ക്ക് വേണ്ടി ഞാനാണ് ചെയ്തിരുന്നത്. ഗിരിജയുടെ മരണം ഉണ്ടാക്കിയ ഷോക്കിൽ നിന്ന് ഞാൻ മുക്തയായിരുന്നില്ല. ഓഫീസിലെ ജോലിത്തിരക്കും, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിലെ ഏറ്റെടുത്തുപോയ ചുമതലകളും വിവരിച്ച് ഞാൻ ഒഴിയാൻ ശ്രമിച്ചപ്പോൾ ദേവകിയേടത്തി ഞങ്ങളെ AKG Centre ലേക്ക് കൂട്ടിക്കൊണ്ടുപോയി. സ. ടി. കെ. രാമകൃഷ്ണൻ ഈ ചുമതല ഏറ്റെടുക്കുന്നതിന്റെ ആവശ്യകത തന്മയത്വത്തോടെ ബോധ്യപ്പെടുത്തി. സഖാവിനോടു മറ്റൊന്നും പറയാൻ ധൈര്യമില്ലാത്തതുകൊണ്ട് ഞാൻ സമ്മതം മൂളി. അന്ന് അവിടെ നിന്നിറങ്ങുമ്പോൾ പത്മിനിചേച്ചി സ്നേഹത്തോടെ പതുക്കെ എന്റെ കൈപിടിച്ചമർത്തി. എത്ര ചെറിയ, എത്ര മൃദുവായ കൈ. ഞാൻ തിരിച്ച് ആ കൈ പിടിച്ച് തലോടികൊണ്ട് പറഞ്ഞു. എത്ര ഒതുങ്ങുന്ന കൈ. എത്ര ചെറിയ വളയും ഇടാം. അന്ന് അന്യോന്യം മുറുകെ പിടിച്ച കൈകൾ ഒരിക്കലും അയഞ്ഞില്ല. പരസ്പരം കൈത്താങ്ങായി തന്നെ നിലനിന്നു. ഹോസ്റ്റലിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം കഴിഞ്ഞിരുന്നു. ശശികുമാരിയെ സെക്രട്ടറി സ്ഥാനത്തുനിന്നുംമാറ്റി. രുഗ്മിണിചേച്ചിയെ പേട്രണാക്കി. എല്ലാ പുരോഗമനസ്വഭാവമുള്ള ഭാരവാഹികളേയും പോയി കണ്ടു. അംഗത്വ പ്രവർത്തനം നടത്തി. ഭാരവാഹികളാക്കേണ്ടവരുടെ ലിസ്റ്റ് വാങ്ങി. വിപുലമായ ജനറൽ ബോഡിയോഗം ചേർന്നു. പുതിയ കമ്മറ്റി നിലവിൽവന്നു. ഒറ്റ മനസ്സായി, ഒറ്റക്കെട്ടായി പ്രവർത്തിച്ച ആ കമ്മറ്റി ഈ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി. 1999 ൽ ഫാമിലി കൗൺസിലിംഗ് സെന്ററും 2004-ൽ ഷോർട്ട് സ്റ്റേഹോമും തുടങ്ങി. 2010 ൽ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററായി സ്ത്രീകൾക്കുള്ള സൗജന്യനിയമ സഹായവും ആരംഭിച്ചു.

2001 ൽ ദേവകിയേടത്തി ഞങ്ങളെ വിട്ടു പോയപ്പോൾ ദേവകി വാര്യർ സ്മാരകം ആരംഭിച്ചു. ചാലക്കുഴി റോഡിലെ കെട്ടിടത്തിന്റെ ഉടമസ്ഥയെ കാണാൻ ഞങ്ങൾ തൃശ്ശൂരേക്ക് നടത്തിയ യാത്രയും കെട്ടിടം വാങ്ങാനുള്ള പണം സമ്പാദിക്കാൻ നടത്തിയ ശ്രമങ്ങളും ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. 2005 മുതൽ ദേവകിവാര്യർ

ശേഷം 3-ാം പേജ് 4-ാം കോളം



## പത്മിനി വർക്കി ഓർമ്മയായി



ദേവകി വാര്യർ സ്മാരക സ്ത്രീ ശാക്തീകരണ പഠനകേന്ദ്രത്തിന്റെ കരുത്തായിരുന്ന പത്മിനി വർക്കി (79) ഓർമ്മയായി. ജനാധിപത്യ മഹിളാ അസോസിയേഷൻ ജില്ലാകമ്മിറ്റിയംഗവും സിപിഐഎം കേശവദേവ് റോഡ് ബ്രാഞ്ച് അംഗവുമായിരുന്നു. ദീർഘകാലം സിപിഐ എം പൂജപ്പുര ലോക്കൽ കമ്മിറ്റി അംഗമായിരുന്നു. വർക്കിംഗ് വിമൻസ് കോ ഓർഡിനേഷൻ ജില്ലാ പ്രസിഡന്റ്, മുടവൻമുകൾ സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. സാമൂഹികസേവനരംഗത്തും കാരുണ്യ പ്രവർത്തനങ്ങളിലും സജീവസാന്നിദ്ധ്യമായിരുന്നു. ഡ്രഗ്സ് കൺട്രോളർ ഓഫീസിലെ സീനിയർ സൂപ്രണ്ട് ആയി പ്രവർത്തിച്ചു. കോഴിക്കോട് കദളിയൻ കുടുബാംഗമാണ്. ഭർത്താവ് പരേതനായ പി. എം. വർക്കി (ഡ്രഗ്സ് കൺട്രോളർ). സിഎം പി സംസ്ഥാനജനറൽ സെക്രട്ടറി സിപി ജോണിന്റെ ഭാര്യാമാതാവാണ്. സംസ്കാരം വൻജനാവലിയുടെ സാന്നിധ്യത്തിൽ തൈക്കാട് ശാന്തികവാടത്തിൽ നടന്നു. ഉത്തമ കമ്മ്യൂണിസ്റ്റ് ആയ പത്മിനി വർക്കിയുടെ ജീവിതം പാവങ്ങൾക്കും രോഗികൾക്കും ഇടയിൽ ആയിരുന്നു. ദേവകി വാര്യർ ട്രസ്റ്റിന്റെ ഭാഗമായ "ശ്രദ്ധ"യിലെ ക്യാൻസർ രോഗികൾക്ക് എന്നും പത്മിനി ചേച്ചി ആശ്രയവും സാന്ത്വനവും ആയിരുന്നു. യാതൊരു സ്ഥാനമാനങ്ങളും ഒരിക്കലും ആഗ്രഹിക്കാതെ, നിസ്വാർത്ഥമായി നിശ്ശബ്ദമായാണ് പത്മിനി ചേച്ചി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ആശ്രയ, പാലിയം ഇന്ത്യ തുടങ്ങിയ സ്ഥാപനങ്ങളുമായും പത്മിനി ചേച്ചി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു.

മക്കൾ : അരുണ വർക്കി (സീനിയർ ലോ ഓഫീസർ, സംസ്ഥാനസഹകരണ ബാങ്ക്), ഡോ. ആയിഷ (പിആർഎസ് ആശുപത്രി, തിരുവനന്തപുരം), പി.വി. രാജു (സീനിയർ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, ഉടുപ്പി), പി. വി. അശോകൻ (മൈനർ ഇറിഗേഷൻ വകുപ്പ്, തിരുവനന്തപുരം), ഡോ. പി.വി. അജയൻ (തൃശ്ശൂർ മെഡിക്കൽ കോളേജ്), പി.വി. അനിയൻ (ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ഡൽഹി),. മരുമക്കൾ : ഡോ. സ്വർണകുമാർ (പ്രിൻസിപ്പൽ, ഫാർമസി കോളേജ്), ഡോ. മായാദേവി (ഗവ, ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം), ലീനജോസഫ് (ഡെപ്യൂട്ടി മാനേജർ, വിഎഫ്പിസികെ), ഡോ. അഞ്ജു (തൃശ്ശൂർ മെഡിക്കൽ കോളേജ്), മീര (ടാറ്റ കൺസൾട്ടൻസി, ഡൽഹി).



‘ശ്രദ്ധ’യുടെ ഉദ്ഘാടന വേളയിൽ
ദേവകിവാര്യരും പത്മിനിവർക്കിയും

## ദേവകി വാര്യർ എന്നും മാതൃക

വർക്കിങ്ങ് വിമൻസ് അസോസിയേഷൻ പ്രസിഡന്റായിരുന്ന ദേവകി വാര്യരുടെ പന്ത്രണ്ടാം ചരമവാർഷികം ദേവകി വാര്യർ സ്മാരകത്തിൽ നടന്നു. പ്രശസ്ത മാധ്യമ പ്രവർത്തകനും എഴുത്തുകാരനും പ്രേംജിയുടെ മകനുമായ നീലൻ അനുസ്മരണ പ്രഭാഷണം നടത്തി. പി. ചന്ദ്രൻ പങ്കെടുത്തു. ദേവകി വാര്യർ സ്മാരകത്തിന്റെ പ്രസിഡന്റ് ജി.കെ. ലളിതകുമാരി അദ്ധ്യക്ഷയായിരുന്നു. സെക്രട്ടറി ടി. രാധാമണി സ്വാഗതം പറഞ്ഞു.

ദേവകിവാര്യരുടെ മകൾ അനസൂയ, മകൻ കൃഷ്ണവാര്യർ മരുമകൻ ഷാജി എൻ. കരുൺ എന്നിവരുടെ സാന്നിദ്ധ്യം അനുസ്മരണ സമ്മേളനം അർത്ഥപൂർണ്ണമാക്കി. നിസ്വാർത്ഥമായി ജനസേവനവും കാരുണ്യ പ്രവർത്തനവും നടത്തിയ ഉത്തമ കമ്മ്യൂണിസ്റ്റായിരുന്ന ദേവകീവാര്യരുടെ ഓർമ്മകൾ പൊതുപ്രവർത്തകർക്ക് മാതൃകയാണെന്ന് അനുസ്മരണ പ്രഭാഷണം നടത്തിയവർ അഭിപ്രായപ്പെട്ടു.




*ദേവകീവാര്യർ അനുസ്മരണയോഗത്തിൽ നീലൻ സംസാരിക്കുന്നു*

ഡോ. പി.കെ.ആർ. വാര്യരുടെ ജീവിതസഖിയായിരുന്ന ദേവകി വാര്യർ തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വർക്കിംഗ് വിമൻസ് അസോസിയേഷൻ സ്ഥാപക പ്രസിഡന്റായിരുന്ന ദേവകി വാര്യർ 2001 ഡിസംബർ 25ന് കാൻസർ രോഗത്തെ തുടർന്നാണ് മരണമടഞ്ഞത്.

കാൻസർ രോഗികൾക്ക് സൗജന്യമായി താമസവും ഭക്ഷണവും നൽകുന്നതിനായി ചാലക്കുഴി റോഡിൽ ആരംഭിച്ച ‘ശ്രദ്ധ’യുടെ പിന്നിലെ പ്രചോദനം ദേവകി വാര്യരായിരുന്നു.

# ഡിസംബറിന്റെ നഷ്ടം

**ഞങ്ങൾക്ക്,** സാമൂഹ്യ രംഗത്തു പ്രവർത്തിക്കുന്ന വനിതാ പ്രവർത്തകരെ സംബന്ധിച്ച് ഡിസംബർ നഷ്ടങ്ങളുടെ മാസമാണ്. ഡിസംബറിന്റെ നഷ്ടത്തെപ്പറ്റി ഓർമ്മിക്കുമ്പോൾ വിങ്ങലും ദുഃഖവും മാത്രം മിച്ചം.

2002 ഡിസംബർ 19നു സുശീല ഗോപാലന്റെ അന്ത്യം അത്ര അപ്രതീക്ഷിതമായിരുന്നില്ല. ആ നഷ്ടം താങ്ങാൻ എല്ലാവരും മനസ്സിനെപരുവപ്പെടുത്തിയിരുന്നു. 2001 ഡിസംബർ 25ന് സംഭവിച്ച ദേവകി ചേച്ചിയുടെ വേർപാട് കേരള സമൂഹത്തിനും, കേരള വർക്കിംഗ് വിമൻസ് അസോസിയേഷനും തീരാത്ത നഷ്ടമാണ് വരുത്തിയത്. അതും കുറെയൊക്കെ ഞങ്ങൾ പ്രതീക്ഷിച്ചതായിരുന്നു. ദേവകി ചേച്ചിയെ ആശുപത്രിയിൽ പോയി കാണുമ്പോൾ സംഭവിക്കാൻ പോകുന്ന ദുരന്തത്തെക്കുറിച്ച് ഞങ്ങൾക്ക് ബോദ്ധ്യമുണ്ടായിരുന്നു. സ. സുശീല ഗോപാലൻ ഞങ്ങളെപ്പോലെയുള്ളവരിൽ നിന്നും എത്രയേറെ ഉയരങ്ങളിലായിരുന്നു. ആരാധനയോടെ നോക്കികാണുവാനും, ബഹുമാനത്തോടെ സ്നേഹിക്കാനും ഉള്ള അവസരമേ ഉണ്ടായിരുന്നുള്ളു. പക്ഷെ ദേവകി ചേച്ചി ഞങ്ങളെപ്പോലുള്ളവരുടെ ഓരത്തു നിന്നുമാണ് പോയത്. ലാളിത്യത്തിന്റേയും നന്മയുടേയും പ്രതീകമായ ദേവകി ചേച്ചിയെ കാണുമ്പോൾ 'പൊന്നും കുടത്തിന് പൊട്ടു വേണ്ട' എന്നു പറഞ്ഞു തമാശ പറയുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അന്നുണ്ടായിരുന്ന ഏക ആശ്വാസം പൂപോലെ നിർമ്മലമായ, കരുത്തിന്റെ പ്രതീകമായ ഞങ്ങളുടെ പത്മിനി ചേച്ചി ഞങ്ങളുടെ കൂടെ ഉണ്ടല്ലോയെന്നതായിരുന്നു. തികച്ചും യാദൃച്ഛികമായി അപ്രതീക്ഷിതമായി ഡിസംബർ 12ന് ചേച്ചിയും ഞങ്ങളെ വിട്ടു പോയി. ഏതാണ്ട് ഒരു വട്ടം പൂർത്തിയായതുപോലെ. ഡിസംബർ 12ന് ഉച്ചയ്ക്ക് 2.30ന് ഫോണിൽ കുടി പത്മിനി ചേച്ചി പോയി എന്ന ശോഭനയുടെ അലർച്ച പോലുള്ള കരച്ചിൽ കേട്ടപ്പോൾ, നമ്മൾക്കിനി ആരുണ്ട് എന്ന് കുറെനേരം കഴിഞ്ഞാണ് പ്രതികരിക്കാൻ കഴിഞ്ഞത്. 9-ാം തീയതി ഉച്ചയ്ക്ക് മെഡിക്കൽ കോളേജിലെ സൗജന്യ ഊണുവിളമ്പൽ പരിപാടിയും കഴിഞ്ഞ് ട്രസ്റ്റിൽ വന്ന് ഊണ് കഴിച്ച് മടങ്ങിയപ്പോൾ അല്പം ക്ഷീണമുണ്ടല്ലോ എന്നു മനസ്സിൽ തോന്നാതിരുന്നില്ല. പിറ്റേ ദിവസം വീട്ടിൽ ചെന്നപ്പോൾ ജനുവരിയിൽ നടക്കുന്ന വനിതാ പാർലമെന്റിനെകുറിച്ച് വിശദമായി ചോദിച്ചു. ജനുവരി അവസാനം, സുഖമായാൽ ഉടനെ ഡോ. റ്റി.എൻ. സീമയെ കൊണ്ട് ഷോർട്ട് സ്റ്റേഹോമിന്റെ ഉദ്ഘാടനം ചെയ്യുന്ന കാര്യമെല്ലാം സംസാരിച്ചു. അപ്പോഴൊക്കെ ക്ഷീണം മാറി ചേച്ചി ഉടൻ ഞങ്ങളുടെ കൂടെവരുമെന്ന പ്രതീക്ഷയായിരുന്നു.



ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരി - 1964-ലെ പാർട്ടിയുടെ പിളർപ്പും 1982ലെ സി.എം.പി. യുടെ രൂപീകരണവും ഏറ്റവും വേദനിപ്പിച്ച സംഭവമായി കരുതുന്ന കമ്മ്യൂണിസ്റ്റുകാരിക്ക് തന്റെ കാലഘട്ടത്തിലെ എല്ലാ നേതാക്കളെയും നേരിട്ട് അറിയാമായിരുന്നു. ചേച്ചിയുടെ കൂടെ പലകാര്യങ്ങൾക്കായി അവരെ സമീപിക്കുമ്പോൾ ചേച്ചിയോട് അവർ കാണിക്കുന്ന സ്നേഹ ബഹുമാനം കാണുമ്പോൾ ഞങ്ങൾക്ക് തോന്നുന്ന ആവേശവും സന്തോഷവും ഏറെയായിരുന്നു. ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ.റ്റി.എൻ. സീമ, ജില്ലാ പ്രസിഡന്റ് പുഷ്പലത, സെക്രട്ടറി മീനാംബിക എല്ലാവരും അവർക്ക് മക്കളായിരുന്നു. ഡോ. തോമസ്സ് ഐസക്ക് അമ്മാമ്മേ എന്നു വിളിക്കുമ്പോൾ, മുഖത്തു പരക്കുന്ന പ്രകാശം ഒന്നു കാണേണ്ടതുതന്നെയാണ്.

പദവിയൊന്നും ആഗ്രഹിച്ചിരുന്നില്ലങ്കിലും, ഏല്പിക്കുന്ന പദവി അതിന്റെ പ്രാധാന്യം മനസ്സിലാക്കി ഉത്തരവാദിത്വത്തോടെ ചെയ്യുന്ന രീതി ഞങ്ങൾക്ക് മാതൃകയായിരുന്നു. കേരള വർക്കിംഗ് വിമൻസ് അസോസിയേഷന്റെ വെറും പ്രസിഡന്റായിരുന്നില്ല അവർ നട്ടെല്ലായിരുന്നു. ദേവകി വാര്യർ ട്രസ്റ്റിന്റെ എല്ലാമായിരുന്നു. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷന്റെ ചാല പ്രസിഡന്റായി പ്രവർത്തിച്ചിരുന്നപ്പോൾ അവിടത്തെ മഹിളാ പ്രസ്ഥാനത്തിന്റെ സുവർണ്ണ കാലമായിരുന്നുവെന്നു പറയാതെ വയ്യ. ശാന്തികവാടത്തിൽ ഓടിക്കൂടിയ പാവപ്പെട്ട സാധാരണക്കാരായ സ്ത്രീകളെ കണ്ടപ്പോൾ ആ സത്യം ഒന്നു കൂടി വ്യക്തമായി. നാടിനുണ്ടായ നഷ്ടംപോലെ ആ കുടുംബത്തിനുണ്ടായ നഷ്ടം എല്ലാം ഉൾക്കൊണ്ട് നമുക്ക് മുന്നോട്ട് പോകണം. സരിതാ വർമ്മ ഫെയിസ് ബുക്കിൽ എഴുതിയതു പോലെ ആ അമ്മച്ചി പ്ളാവിന്റെ തണലിൽ സുരക്ഷിതരായിരുന്നു നമ്മൾ. ഇപ്പോൾ ഏറെ ശ്രദ്ധയോടെ, തിരിച്ചറിവോടെ കർമ്മനിരതരാവാൻ ശ്രമിക്കാം.

**ജി.കെ. ലളിതകുമാരി**

# എന്റെ..... പത്മിനിചേച്ചി

**ഡി**സംബർ പന്ത്രണ്ടാം തീയതിയും പതിമൂന്നാം തീയതിയും ചുറ്റും കേട്ടിരുന്ന തേങ്ങലുകൾ കേൾക്കാതെ പത്മിനിചേച്ചി അനക്കമില്ലാതെ എന്നാൽ സൗമ്യത നിറഞ്ഞു തുളുമ്പിയ മുഖത്തോടെ തന്നെ സ്നേഹിക്കുന്നവരുടെ ഇടയിൽ കിടന്നു. ബാക്കിയുള്ളവരുടെ വിഷമതകൾക്കും വേദനകൾക്കും ആശ്വാസം പകർന്നു നിൽകിയിരുന്ന ആ വ്യക്തി നമ്മുടെ ഇടയിൽ നിന്ന് എന്നെന്നേക്കുമായി യാത്രയായി.

ഡിസംബർ പതിനാലാം തീയതി പണ്ട് ബ്രിട്ടീഷ് ലൈബ്രറി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ നടന്ന അനുസ്മരണ യോഗത്തിൽ രാധാമണി ചേച്ചി സംസാരിച്ചപ്പോൾ ചേച്ചിയുടെ കൂടെ അവർ പടുത്തുയർത്തിയ ചെറുതും വലുതുമായ സംരംഭങ്ങൾ പരിചയപ്പെടുത്തുകയുണ്ടായി. പത്മിനിചേച്ചി കൂടെ ഇല്ലാതെ അവയെല്ലാം മുൻപോട്ട് തുഴയുക എങ്ങനെയെന്ന് തേങ്ങി. രാധാമണിചേച്ചി പറഞ്ഞത് തികച്ചും ശരിയാണ്, സത്യമാണ്. മറ്റു കൂട്ടുകാർ എല്ലാ പേരും കൂടി ശ്രമിച്ചാലും രാധാമണി ചേച്ചിക്ക് പത്മിനിചേച്ചി നൽകിയ പിൻതുണയും കരുത്തും നൽകുവാൻ കഴിയില്ല.

കാഴ്ചയിൽ സാധാരണക്കാരിയായിരുന്ന അവർക്ക് ഒരുപാട് കഴിവുകളും നന്മകളും ഉണ്ടായിരുന്നു. ബാക്കിയുള്ളവരെ ബോധിപ്പിക്കുവാനും പ്രശംസകൾ പിടിച്ചു പറ്റുന്നതിനുമായി ചേച്ചി ഒരു കാര്യവും ചെയ്തിട്ടില്ല. ചെയ്യുകയും ഇല്ല. എന്റെ അമ്മ ദേവകിവാര്യരുമായി പത്മിനിചേച്ചിക്ക് ഒരുപാട് സാമ്യം ഉണ്ട്. പൊക്കം കുറഞ്ഞ് തടിച്ച് ഉരുണ്ട് വെളുത്ത് തുടുത്ത ധാരാളം മുടിയുള്ള രണ്ടു സുന്ദരികളായിരുന്നു അവർ രണ്ടു പേരും. ആകർഷകമായ ഒരു പുഞ്ചിരിയിൽ തുടങ്ങുന്ന മറ്റുള്ളവരുമായുള്ള അവരുടെ ബന്ധം ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു സുഹൃത്ത് ബന്ധമായി അനുഭവപ്പെട്ടവരാണ് ബഹുഭൂരിപക്ഷം പേരും . സ്വന്തം താൽപര്യങ്ങൾക്കും സുഖത്തിനും നേട്ടങ്ങൾക്കും അധിക സമയം മാറ്റിവെക്കാത്ത അവർ അവരാൽ കഴിയുന്നതെല്ലാം ബാക്കിയുള്ളവർക്ക് ചെയ്തു കൊടുക്കുവാനായി ധാരാളം സമയം കണ്ടെത്തി. എന്ത് തടയും എന്ന് ചിന്തിച്ചുമാത്രം ഓരോ കാര്യങ്ങളും ചെയ്യുന്നവർക്ക് ഈ രണ്ട് മഹത്വ്യക്തിത്വങ്ങളെ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. അവർ തുടക്കമിട്ട നല്ല കാര്യങ്ങൾ ചെയ്തു തീർക്കാനുള്ള ഉത്തരവാദിത്വം ചുറ്റുമുള്ളവരെ ഏൽപിച്ച് പോകേണ്ടതായിവന്നവരാണ്. പത്മിനിചേച്ചിയുടെ കുടുംബാംഗങ്ങൾക്കും കൂട്ടുകാർക്കും ചേച്ചിയുടെ എൺപതാം പിറന്നാൾ നടത്താൻ ഭാഗ്യം ഉണ്ടായില്ല.

അമ്മയുടെ കൂട്ടുകാരിയായിട്ടുള്ള ചേച്ചിയെ ഞാൻ പരിചയപ്പെടുന്നത് എഴുപതുകളിലാണ്. പണ്ടേ ഫ്ളോറൻസ് നൈറ്റിംഗ്ഗേലിനെപ്പോലെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഉഴിഞ്ഞുവെച്ച ജീവിതമായിരുന്ന ചേച്ചിയുടേത്. ബന്ധുകൾക്കോ പരിചയക്കാർക്കോ ദീനം വന്നാൽ അവരുടെ കൂടെ ആശുപത്രികളായ ആശുപത്രികളിൽ എല്ലാം ചേച്ചി കയറിഇറങ്ങുമായിരുന്നു. പലരുടെയും അസുഖങ്ങൾ ഏത് ഡോക്ടറെയാണ് പോയി കാണേണ്ടതെന്നും എന്താണ് ചെയ്യേണ്ടതെന്നും എല്ലാം ചോദിച്ച് കൂട്ടുകാരിയായിരുന്ന അമ്മയുടെ അരികിൽ ചേച്ചി എത്തുമായിരുന്നു. പല പ്രവർത്തനങ്ങൾക്കായി അവർ രണ്ടുപേരും ഒരുമിക്കുമായിരുന്നു. ആ ആത്മബന്ധം അമ്മ 2001 ഡിസംബർ ഇരുപത്തിഅഞ്ചാം തീയതി മരിക്കുന്നതുവരെയും തുടർന്നു.

അമ്മയ്ക്ക് 1994 മുതൽ RCC യിൽ ഓപ്പറേഷനുകളും റേഡിയേഷനും കീമോ തെറാപ്പിയും എല്ലാം പല വട്ടം വേണ്ടി വന്നു. ഇതിന്റെയെല്ലാം ഇടയിലും ക്ഷീണം കുറവുതോന്നുന്ന അവസരങ്ങളിൽ അമ്മ പല പ്രവർത്തനങ്ങൾക്കുമായി ഇറങ്ങുമായിരുന്നു. പലപ്പോഴും അമ്മയ്ക്ക് കൂട്ടിന് പത്മിനി ചേച്ചിയുമുണ്ടാകും. ഓട്ടോറിക്ഷയിൽ മുടവൻ മുകളിൽ നിന്ന് വന്ന് അമ്മയെ കൈ പിടിച്ച് കൊണ്ടുപോയി തിരികെ എത്തിക്കുമായിരുന്നു. ഡോക്ടറേ ഇതാ സേഫ് ആയി മടക്കി എത്തിച്ചിരിക്കുന്നു എന്ന് ഒരു കള്ളചിരിയോടെ പറഞ്ഞും കൊണ്ട്.

ദേവകിവാരിയർ മെമ്മോറിയലിൽ മീറ്റിങ്ങുകൾ കഴിഞ്ഞ് പത്മിനിചേച്ചിയും ഞാനും ഓട്ടോയിൽ മടങ്ങുക പതിവായിരുന്നു. എന്നെ വെള്ളയമ്പലത്ത് ഐ ജി ഓഫീസിന്റെ പരിസരത്ത് ഇറക്കി വഴുതക്കാട്ടേക്ക് യാത്രതുടരുമായിരുന്നു. ഏഴ് എട്ട് മാസങ്ങൾ മുൻപ് ഡെൽഹിയിൽ വെച്ച് Herpis വന്ന് വളരെ അധികം ദീനയായി ചേച്ചി. തിരുവനന്തപുരത്ത് വഴുതക്കാട് അരുണയുടെ വീട്ടിൽ വിശ്രമത്തിലുണ്ടായിരുന്ന കാലത്താണ് ജൂൺ പന്ത്രണ്ടാം തീയതി അമ്മയുടെ പിറന്നാൾ ദിനത്തിൽ ദേവകിവാര്യർ മെമ്മോറിയലിന്റെ വാർഷികത്തിന് വളരെ ക്ഷീണിതയായിരുന്നെങ്കിലും ചേച്ചി വന്നിരുന്നു. സാവകാശം ദീനത്തിന്റെ കാഠിന്യം കുറഞ്ഞ് വീണ്ടും എല്ലായിടത്തും ഓടുവാനുള്ള ആരോഗ്യം കുറച്ചെല്ലാം കിട്ടിയപ്പോൾ, ഉത്സാഹത്തോടെ എല്ലാ ദിക്കിലും ഓടി എത്തിയിരുന്ന ചേച്ചി പ്രവർത്തനങ്ങളിലെല്ലാം സജീവ പങ്കുവഹിച്ചു. ഡിസംബർ 4-ാം തീയതി മാഗസിൻ കമ്മിറ്റി ദേവകീവാര്യർ മെമ്മോറിയലിൽ കൂടിയ ദിവസം ചേച്ചിക്ക് നല്ലക്ഷീണമുള്ളതായി തോന്നി. കേരള ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിലിന്റെ ഉദ്ഘാടനമായിരുന്ന അന്ന് ഷാജി ഉദ്ഘാടനചടങ്ങിന് പോകാൻ ഇറങ്ങുന്നതിനുമുൻപ് വീട്ടിൽ തിരിച്ചെത്താനായി ഞാൻ കമ്മറ്റി കഴിഞ്ഞ ഉടനെ ഒരു ഓട്ടോയിൽ മടങ്ങി. വിനീത് കാറുമായി വരും എന്നിട്ട് പോകാം എന്ന് പത്മിനി ചേച്ചി വാത്സല്യത്തോടെ എന്നോടു പറഞ്ഞു. പിന്നീട് ഒരിക്കലും കാണാൻ സാധിക്കാത്ത ഒരു വിട പറയലിന്റെ നിമിഷമായിരുന്നു അത് എന്ന് ഞാൻ അന്ന് അറിഞ്ഞില്ല.

അങ്ങേയറ്റം നർമ്മബോധം ഉള്ള ഒരു വ്യക്തിയായിരുന്നു പത്മിനിചേച്ചി എന്ന് എനിക്ക് എപ്പോഴും തോന്നിയിട്ടുണ്ട്. ചേച്ചി ഇടക്കെല്ലാം തട്ടിയുംതടഞ്ഞും അല്ലാതെയും വീഴുമായിരുന്നു. വീഴ്ചകഴിഞ്ഞ് കൈകാലുകളിലും മറ്റും കെട്ടലുകളും വേദനയും നീരുമായി ഇരിക്കുന്ന ചേച്ചിയെ ഞാൻ വീട്ടിൽ ചെന്ന് കാണുമ്പോൾ എങ്ങനെ എഴുന്നേറ്റ് മകൾക്ക് ഫോൺ ചെയ്ത് അറിയിച്ചു എന്നും എല്ലാം വള്ളിപുള്ളി വിടാതെ വിവരിക്കുമായിരുന്നു. ഒരു വീഴ്ചയിൽ ഇടതുകാൽ, വേറെ വീഴ്ചയിൽ വലതുകാലും, പിന്നെ ഇടതു കൈയും ഒടിഞ്ഞു വീട്ടിൽ നിന്ന് പുറത്ത് പോകാൻ ഉള്ള വെമ്പൽ അടക്കി ഇരിക്കേണ്ടി വന്നിട്ടുണ്ട്. കുസൃതി നിറഞ്ഞ ചിരിയോടെ ഒരു ദിവസം ചേച്ചി പറഞ്ഞു. വിഴ്ചയുണ്ടാകുമ്പോൾ വലതു കൈ ഒടിയാതിരിക്കാൻ നല്ല പോലെ ശ്രദ്ധിക്കണം, മകൾ ഡോക്ടർ ഐഷ വിലക്കിയിട്ടുണ്ട് വല്ല ദിക്കിലും വീണ് ഇനിവലതു കൈ ഒടിച്ചാൽ പിന്നെ പത്മിനി ചേച്ചിയുടെ ഭാഷയിൽ പറഞ്ഞാൽ "വീട്ടുതടങ്കൽ" കൽപ്പിക്കും എന്ന്. ഇടതു കൈയും രണ്ടുകാലുകളും തട്ടിമുട്ടി അഥവാ ഒടിഞ്ഞാലും കുഴപ്പം ഉണ്ടാവില്ല. വലതുകൈ മാത്രം ഒടിയാതിരിക്കാൻ ശ്രദ്ധിക്കണം എന്ന് തമാശമട്ടിൽ പറയുമായിരുന്നു. പത്മിനി ചേച്ചിക്ക് കമ്പ്യൂട്ടറിൽ ചീട്ടുകളി ഇഷ്ടമുള്ള ഒന്നായിരുന്നു. ഒരു ദിവസം രാത്രി ചീട്ടുകളി തകർത്ത് കളിക്കുമ്പോൾ കറന്റ് പോയി. കറന്റ് വരുമ്പോഴേക്കും ബാത്ത് റൂമിൽ പോക്ക് തീർക്കാനായി ഒരു മെഴുകുതിരിയുമായി നടന്നു. പിന്നെ മറിഞ്ഞ് വീഴുന്ന ശബ്ദമാണ് വീട്ടിലുണ്ടായിരുന്ന ജോണും അരുണയും കേട്ടത്. ഇടതു കൈ ഒടിഞ്ഞു നിലത്തിരിക്കുന്ന ചേച്ചിയെ കാണാൻ ചെന്നപ്പോൾ ജോൺ പറഞ്ഞു "അമ്മച്ചി വീണതിന്റെ കുറ്റം ബാക്കിയുള്ളവരുടെ തലയിൽ വച്ച് കെട്ടിയിരിക്കുകയാണ്" ഇത്ര വലിയ ബാത്ത്റൂം കെട്ടാതെ ഒരു ചെറിയ ബാത്ത്റൂം കെട്ടിയിരുന്നെങ്കിൽ വീഴുമ്പോൾ എവിടെ എങ്കിലും അള്ളിപ്പിടിച്ച് വീഴാതെ ഇരിക്കാമായിരുന്നു എന്നാണ് വീണുകിടന്ന ചേച്ചിയെ പൊക്കിയെടുക്കാൻ അവർ ചെന്നപ്പോൾ പറഞ്ഞത്. ആറു മക്കളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സ്നേഹനിധിയായ അമ്മച്ചിയായിരുന്നു അവർ. ചേച്ചിയെ പരിചയപ്പെടാൻ ഭാഗ്യം കിട്ടിയ എല്ലാപേരുടെയും പ്രിയസുഹൃത്തും ചേച്ചിയും അമ്മച്ചിയും എല്ലാമായിരുന്നു അവർ. ഒരു പാടു പേരെ സ്നേഹിച്ചിരുന്ന ചേച്ചിയുടെ ഓർമകൾ അവരെ സ്നേഹിച്ചിരുന്നവരുടെ മനസ്സുകളിൽ എക്കാലവും നിറഞ്ഞുനിൽക്കും.



ദേവകി വാര്യർ മെമ്മോറിയലിൽ അമ്മയുടെ ഫോട്ടോയുടെ അടുത്ത് ചേച്ചിയുടെ പുഞ്ചിരിതൂകുന്ന മുഖമുള്ള ഫോട്ടോ ഫ്രെയിമിട്ട് തൂക്കിയിട്ടിരിക്കുന്നത് ട്രസ്റ്റിൽ വെച്ച് നടത്തിയ അമ്മയുടെ മരണദിനത്തിന്റെ (ഡിസംബർ: 25) അനുസ്മരണ ചടങ്ങിന് അവിടെ എത്തിയപ്പോൾ കണ്ടു. കേരള വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ ഗിരിജചേച്ചി (ഗിരിജാപോറ്റി)യുടെയും അമ്മയുടെയും ഫോട്ടോ കണ്ടുകൊണ്ടാണ് അവിടെ എത്തുന്നവർ ആ ഹോസ്റ്റലിലേക്ക് കയറുക. പത്മിനിചേച്ചി തുടങ്ങിവെച്ച പല സംരംഭങ്ങളും പൂർത്തിയാക്കുമ്പോൾ ചേച്ചിയുടെ ഫോട്ടോ കൂടി കണ്ണാടിക്കൂട്ടിൽ ഇട്ട് തൂക്കേണ്ടതായിരിക്കും എന്ന് കഴിഞ്ഞമാസംപോലും ആരും ചിന്തിച്ചില്ല കാരണം ചേച്ചിയുടെ മരണം ആരും പ്രതീക്ഷിച്ച ഒന്നായിരുന്നില്ല എന്നതുകൊണ്ട്.

**അനസൂയ**



# അമ്മു

ജീവിതത്തിൽ നിന്നും നമ്മുടെ പ്രീയപ്പെട്ടവർ മാഞ്ഞു പോകുമ്പോൾ ഉണ്ടാകുന്ന വിടവുകൾ ചിലപ്പോൾ നികത്താനാവുന്നതിനേക്കാൾ വലുതാണ്. അതു മൂലമുണ്ടാകുന്ന ശൂന്യതയും... ആ ശൂന്യത അറിഞ്ഞു കൊണ്ടാണ് പത്മിനി വർക്കി എന്ന ഞങ്ങളുടെ അമ്മാമ്മയെക്കുറിച്ച് ഞാൻ ഈ കുറിപ്പെഴുതുന്നത്.

അമ്മാമ്മ ഞങ്ങൾ കൊച്ചു മക്കൾക്ക് ഒരു സാധാരണ ഗ്രാന്റ് പേരന്റ് ആയിരുന്നില്ല. എന്റെ ഓർമ്മയിൽ തിരക്കൊഴിഞ്ഞ ഒരു സമയം അമ്മാമ്മയ്ക്കുണ്ടായിരുന്നില്ല. അവരുടെ യാത്രകളിൽ പലപ്പോഴും കൂട്ടിന് ഞങ്ങൾ കൊച്ചു മക്കളുമുണ്ടായിരുന്നു. അവരിലൂടെ ഒരു പാടു ജീവിതങ്ങൾ എനിക്കു കാണാനായിട്ടുണ്ട്. അമ്മാമ്മ ചെയ്തു കൊണ്ടിരുന്ന കാര്യങ്ങളുടെ അർത്ഥവും വലിപ്പവുമൊക്കെ ഒരൽപം മുതിർന്നതിനു ശേഷമാണ് എനിക്ക് മുഴുവനായും മനസിലാക്കാൻ കഴിഞ്ഞത്. RCC യിലെ പാലിയേറ്റിവ് കെയർ യൂണിറ്റിലെ രോഗികൾക്ക് കഞ്ഞിവെള്ളം കൊടുക്കാനും ദേവകി വാര്യർ ട്രസ്റ്റിന്റെ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കാനുമൊക്കെ ഞങ്ങളെയും കൂടെ കൂട്ടുമായിരുന്നു. പഠിക്കാനായി വീട്ടിൽ നിന്നു മാറി ചെന്നൈയിലും ഡൽഹിയിലും താമസിക്കുമ്പോഴും ട്രസ്റ്റിൽ വരാറുണ്ടായിരുന്ന ജൂണയുടെയും മേഘയുടെയും വിശേഷങ്ങൾ അമ്മാമ്മ ഫോണിലൂടെ പങ്കിടാറുണ്ടായിരുന്നു അങ്ങനെ ഒത്തിരി ഓർമ്മകൾ..

നല്ല വണ്ണം പഠിക്കണം എന്ന് അമ്മാമ്മ എന്നോട് എപ്പോഴും പറയുമായിരുന്നു എന്നാൽ വാക്കുകൾ കൊണ്ട് പറയാതെ തന്റെ ജീവിതം കൊണ്ട് അവർ പറഞ്ഞു വെച്ച ഒരുപിടി കാര്യങ്ങൾ എന്നും മനസ്സിൽ സൂക്ഷിക്കാൻ ഞാനാഗ്രഹിക്കുന്നു.

സ്വന്തം ചിന്തകളിൽ വളരെയധികം വ്യക്തതയുള്ള ഒരാളായിരുന്നു അവർ. ആ വ്യക്തത ജീവിതത്തിന്റെ അവസാനംവരെയും താനാഗ്രഹിച്ച കാര്യങ്ങൾ ചെയ്യാനവരെ സഹായിച്ചു. ജോലിയിൽ നിന്നു വിരമിച്ചതിനുശേഷം തന്റെ സമയം പൂർണമായും സാമൂഹ്യ പ്രവർത്തനത്തിനുവേണ്ടി വിനിയോഗിക്കുകയും പല മേഖലകളിൽ ഒരേ സമയം പ്രവർത്തിക്കുകയും ചെയ്തു.

രാഷ്ട്രീയ പ്രവർത്തകയായും വർക്കിംഗ് വിമൻസ് അസോസിയേഷൻ മെമ്പറായും ആശ്രയ വോളന്റിയറായുമൊക്കെ ജോലി ചെയ്യാൻ അവർ ഒരുപോലെ സമയം കണ്ടെത്തി. മാത്രമല്ല, അതിലെ ഓരോ നിമിഷവും അവർ ആസ്വദിക്കുകയും ചെയ്തിരുന്നു.

സാമൂഹ്യ പ്രവർത്തനം എന്ന വാക്കിന്റെ ശരിയായ അർത്ഥം മനസ്സിലാക്കാൻ അമ്മാമ്മ എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട്. പലപ്പോഴും ഒരു സാമൂഹ്യ പ്രവർത്തകയ്ക്ക് കേവലം അനുകമ്പയേക്കാൾ ആവശ്യമായത് സഹാനുഭൂതിയാണെന്നത് എനിക്ക് അമ്മാമ്മയിലൂടെ അറിയാൻ കഴിഞ്ഞു. ആശ്രയയിലും ദേവകി വാര്യർ ട്രസ്റ്റിലും ശ്രദ്ധയിലും ഒക്കെ അവർ ജോലി ചെയ്തത് മെച്ചപ്പെട്ട ചികിത്സാസൗകര്യവും ജീവിത സാഹചര്യങ്ങളുമൊക്കെ ഏതൊരാളിന്റെയും അടിസ്ഥാന അവകാശമാണെന്ന തിരിച്ചറിവോടുകൂടിയാണ്. ഇന്ന്, ഡവലപ്മെന്റ് സെക്ടറിൽ ഗവേഷണം ചെയ്യുമ്പോൾ ഈ തിരിച്ചറിവ് എപ്പോഴും എന്നിലുണ്ടായിരിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. Well being എന്നത് ഒരിക്കലും ഒരു ഔദാര്യമല്ല മറിച്ച് അതൊരവകാശമാണെന്ന തിരിച്ചറിവ്!

അവർ ഒരിക്കലും തനിക്ക് ഒരു മഹത്പരിവേഷം കിട്ടാൻ ആഗ്രഹിച്ചിരുന്നില്ല. അവർ എന്നും ഒരു സാധാരണക്കാരിയായിരുന്നു. സന്തോഷവും സങ്കടവും ദേഷ്യവുമൊക്കെ ഉണ്ടായിരുന്ന ഒരു സാധാരണക്കാരി. അവരെ അങ്ങനെതന്നെ ഓർക്കാൻ ഞാനാഗ്രഹിക്കുന്നു. കാരണം, അതെന്നെ അമാനുഷികതയിലും ദൈവികതയിലും വിശ്വസിക്കുന്നതിനു പകരം മനുഷ്യരിലും മനുഷ്യത്വത്തിലും വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു... She was an ordinary Woman who led an extra ordinary life...!

ജീവിതത്തോടുള്ള അസാമാന്യമായ അഭിനിവേശമാണ് അമ്മാമ്മയെ എന്നും മുന്നോട്ടു കൊണ്ടു പോയിരുന്നത്. ആ ജീവിതം കാണിച്ചു തന്ന കാര്യങ്ങൾ മനസിൽ സൂക്ഷിക്കുകയും അതിലൂടെ മുന്നോട്ടു പോവുകയും ചെയ്യുന്നതുവഴി അവർക്ക് ഇനിയും നമ്മൾ പലരിലൂടെയും ജീവിക്കാനാകും.

**അഞ്ജനജോൺ**

# അമ്മച്ചി പ്ലാവ്

അന്തരിച്ച പത്മിനി വർക്കി എന്ന അമ്മച്ചി എനിയ്ക്ക് ആരായിരുന്നു? 1980ൽ മകൻ സാജനോടൊപ്പം ഞാൻ തിരുവനന്തപുരത്ത് താമസമാക്കിയ കാലം. അക്കാലത്താണ് അമ്മച്ചിയുമായി നേരിട്ട് പരിചയപ്പെടുന്നത്. മകനോടൊപ്പം പഠിച്ചിരുന്ന അമ്മച്ചിയുടെ മകൻ മിടുക്കനായ രാജുവിനെ നേരത്തെതന്നെ അറിയാം. പിന്നെ പിന്നെ ഞാൻ ഒരുപാടു പ്രാവശ്യം അമ്മച്ചിയുടെ വീട്ടിൽ പോയിട്ടുണ്ട്. അത് വീടാണോ അമ്മച്ചി നടത്തുന്ന ഹോസ്റ്റലാണോ എന്ന് അത്ഭുതപ്പെട്ട് നിന്നിട്ടുണ്ട്. ആൺ, പെൺ വ്യത്യാസമില്ലാതെ എത്ര പേരാണ് അമ്മച്ചിയുടെ അടുക്കളയിൽ. അടുപ്പത്തിരിക്കുന്ന കലത്തിൽ നിന്ന് കഞ്ഞിയും, ചട്ടിയിലുള്ള പയറും നിമിഷങ്ങൾക്കകം കാലി ആകും. ഈ സേവനം അമ്മച്ചിയുടെ മരണംവരെ തുടർന്നു. ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന പാവപ്പെട്ട കാൻസർ രോഗികൾക്കും, കൂട്ടിരിപ്പുകാർക്കുമൊക്കെ തീർത്താൽ തീരാത്ത നഷ്ടമാണ് അമ്മച്ചിയുടെ ഈ വേർപാട്. അമ്മച്ചിയുടെ സേവനത്തിന് നിഴലായി മറ്റൊരാൾ കൂടി ഉണ്ടായിരുന്നു. അമ്മച്ചിയുടെ ഭർത്താവായ 'ചാച്ചൻ'. അവർ ഒന്നാണ്.

ചാച്ചനും - അമ്മച്ചിയും എന്നാണ് പറയുക. അമ്മച്ചിയുടെയും, ചാച്ചന്റെയും പിൻതുടർച്ചക്കാരായി മക്കളിൽ ആരെങ്കിലും ഉണ്ടാകുമോ.

എന്റെ മകൾക്ക് വരനെകണ്ടു പിടിച്ചു തന്നതും, അമ്മച്ചി തന്നെ ആണ്. ജോയ് ഇളമൺ എന്ന പയ്യനും ആ വീട്ടിലെ കഞ്ഞിയും, പയറ് തോരനും കഴിച്ചിട്ടുണ്ടാകും. എന്റെ മകൻ സാജനേയും, അതിൽ നിന്ന് ഒഴിവാക്കാനാവില്ല.

വിവാഹശേഷം തിരുവനന്തപുരത്ത് താമസമാക്കിയപ്പോൾ മുതൽ എന്റെ മകളും അമ്മച്ചിയോടൊപ്പം എല്ലാ സേവനരംഗത്തുമുണ്ട്. രണ്ടു ദിവസം മുമ്പും അമ്മച്ചിയോടൊപ്പം പാവപ്പെട്ടരോഗികൾക്ക് ചോറ് വിളമ്പി കൊടുത്തതാണ്. മക്കളും, മക്കളുടെ മക്കളും ഒക്കെ നല്ലനിലയിലായെങ്കിലും അമ്മച്ചി പഴയതുപോലെ തന്നെ. ഒരു ചെറിയ വീഴ്ചയിൽ കൈ ഒടിഞ്ഞിരിയ്ക്കുന്ന എന്നെ കാണാൻ കുറച്ചു ദിവസം മുമ്പ് ഇവിടെ വന്നിരുന്നു. ഒരു പാട് വർത്തമാനം പറഞ്ഞു. ആ കാഴ്ചയിലൂടെ അമ്മച്ചിയെ ഞാൻ എന്നും സ്മരിയ്ക്കും.

പണ്ട് ... മഹാരാജാവിന് ശത്രുക്കളിൽ നിന്ന് രക്ഷ നല്കിയ അമ്മച്ചി പ്ലാവ് പോലെ പുതിയതലമുറയിലേയും പഴയ തലമുറയിലേയും അനേകം പാവപ്പെട്ടവർക്ക് അഭയം നല്കിയ ഒരു പുതിയ അമ്മച്ചിപ്ലാവ്. ആ പ്ലാവ് തഴച്ച് വളർന്ന് അവശരായ രോഗികൾക്ക് തണലേകി അമ്മച്ചിയുടെ സ്മരണ നില നിർത്തും. ഇതാണല്ലോ അമ്മച്ചി ആഗ്രഹിച്ചതും, അല്ലെ അമ്മച്ചി!

സ്നേഹ സ്മരണകളോടെ,

**രാജം ജി നമ്പൂതിരി**





# പത്മിനിചേച്ചിയോട് ഹൃദയപൂർവ്വം

ജീവിതാനുഭവങ്ങളുടെ കനലിൽ നിന്നാണ് സവിശേഷമായ വ്യക്തിത്വങ്ങൾ രൂപപ്പെടുന്നത്. തീരാവ്യാധികളിൽ മനുഷ്യൻ ഏറ്റവും ഭയപ്പെടുന്ന ക്യാൻസർ രോഗത്താൽ നിരാലംബരാകുന്ന കുറേ മനുഷ്യരെ സ്നേഹവും കരുണയും കരുതലും കൊണ്ട് ഒരു പച്ചപ്പുതീർത്തു തണലേകുന്ന സ്ഥാപനമാണല്ലോ ദേവകീവാര്യർ സ്മാരകം. ഈ സ്ഥാപനത്തിൽ ഇതുവരെ അന്തേവാസികളായെത്തിയ രോഗികളിൽ ഒരാൾക്കുപോലും ഒരിക്കലും മറക്കാൻ കഴിയാത്ത പേരാണ് പത്മിനി വർക്കി. ഞങ്ങളുടെ പത്മിനി ചേച്ചി, ചിലർക്കെല്ലാം അമ്മച്ചി, കുട്ടികൾക്ക് അമ്മമ്മ അങ്ങനെയങ്ങനെ സ്നേഹത്തിന്റെ നീണ്ടുപോകുന്ന സംബോധനകൾ!! അപ്രതീക്ഷിതമായി ആ സ്നേഹനിധിയെ അപഹരിച്ച കാലത്തോട് ഞങ്ങൾ കലഹിക്കുന്നു.

ജീവിതത്തെ സ്നേഹിക്കാൻ ചിലരെ പഠിപ്പിച്ചത് പത്മിനി വർക്കിയാണ്. അവരുടെ തണലും തലോടലും ആ വഴിക്ക് പലർക്കും ജീവിതം നൽകിയിട്ടുമുണ്ട്. നിഷ്കളങ്കമായ ചിരിയും മധുരം തുളുമ്പുന്ന ശബ്ദവുമായി ഒരു പ്രകാശനാളം പോലെ കടന്നു വരുന്ന പത്മിനി ചേച്ചി എല്ലാവരുടേയും ഓർമ്മകളിൽ നിറഞ്ഞു നിൽക്കുകയാണ്. ഒരിക്കലെങ്കിലും കാണുകയും പരിചയപ്പെടുകയും ചെയ്തിട്ടുള്ളവർക്ക് മറക്കാൻ എളുപ്പമല്ല. ആ പ്രകാശം ഒരിക്കലും അണയാത്ത ജ്വാലയായി ഞങ്ങളുടെ ഇടനെഞ്ചിലുണ്ട്.

ഇരുളിലാണ്ടുപോയ ധാരാളം ജീവിതങ്ങളെ കൈപിടിച്ചുയർത്തി വെളിച്ചത്തിന്റെ വഴിയേ നടത്തിയ ഒരു ഉത്തമ രാഷ്ട്രീയ ബോധമുള്ള വ്യക്തി എന്ന നിലയിൽ ഞങ്ങളുടെ പത്മിനി ചേച്ചി പലർക്കും മീതെയാണ്. കോറിമായ്ച്ചുകളഞ്ഞ ചില ജീവിതങ്ങൾക്ക് തന്റെ സ്നേഹസ്പർശം കൊണ്ട് മിഴിവും ആത്മാവും കൊടുത്ത് പ്രാസാദാത്മകമാക്കാൻ കഴിഞ്ഞതിന്റെ എത്രയെത്ര ഉദാഹരണങ്ങൾ ഞങ്ങൾക്കുമുന്നിലുണ്ട്. അതെല്ലാം സ്വന്തം ജീവിതത്തിന്റെ പോരാട്ടവഴിയിൽ നേടിയ കരുത്തും കയ്യൊപ്പുമായിരുന്നുവെന്നതാണ് സത്യം.

രാഷ്ട്രീയ മണ്ഡലങ്ങളിൽ വിളങ്ങിയും തിളങ്ങിയും നിന്ന ഒരു വ്യക്തിയായിരുന്നില്ല പത്മിനി ചേച്ചി. സാമൂഹ്യ രംഗങ്ങളിൽ എവിടെയങ്കിലും പ്രതിഷ്ഠിക്കപ്പെട്ട ഒരാളുമായിരുന്നില്ല. പിന്നെയോ, സമൂഹത്തിൽ നോവുന്ന ചില ആത്മാക്കളുടെ കൂട്ടിരിപ്പുകാരി അതായിരുന്നു ആ ശരി. അത് അശരണരായ രോഗികളോ അരക്ഷിതമായ കുടുംബാന്തരീക്ഷത്തിലുള്ളവരോ, ദരിദ്രരോ..... അങ്ങനെയങ്ങനെ ഏതുമാകാം. ഏറ്റവും നിസ്വനോട് എങ്ങനെ സത്യ സന്ധമായി ഇടപെടണമെന്നു പഠിപ്പിയ്ക്കുന്ന പാഠപുസ്തകം! അതായിരുന്നു പത്മിനി ചേച്ചി. ഏതെങ്കിലുമൊരുകാര്യത്തിന് അഭിപ്രായം ചോദിക്കാൻ ഞാൻ കണ്ടിരുന്ന ആദ്യത്തെ ആൾ പത്മിനിചേച്ചിയായിരുന്നു. നമ്മുടെ ആശങ്കകൾ അതോടെ അകന്നു പോകുന്നു. മനസ്സ് തെളിഞ്ഞ ആകാശം പോലെ. സ്വയം പ്രകാശിക്കുകയും ചേർന്ന് നിൽക്കുന്നതിനെ പ്രകാശിപ്പി ക്കുകയും ചെയ്യുന്ന ചേച്ചി.

അവഗണിക്കപ്പെടുകയും അപമാനിക്കപ്പെടുകയും പീഡനങ്ങൾക്കു വിധേയരാക്കപ്പെടുകയും ചെയ്യുന്നവരുടെ ആകുലതകളിലേക്ക് ഇറങ്ങിച്ചെന്ന് ആശ്വസിപ്പിക്കാൻ സ്വമേധയാ തയ്യാറാകുന്ന ഒരു ജനതയെ ഉയർത്തിക്കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തുകൊണ്ട് ഞങ്ങളുടെ പത്മിനിചേച്ചിയുടെ സാന്നിദ്ധ്യം ഒപ്പമുണ്ടെന്നുള്ള തിരിച്ചറിവ് ഞങ്ങളെ നയിക്കുകയാണിപ്പോൾ.

കണ്ണിലെ കയങ്ങളിൽ
ഒളിപ്പിച്ചുവച്ച പളുങ്കുമണികൾ
നിന്നെയോർത്തു പെയ്തുപോയ്
നിന്റെ തലോടലും തേനൂറുന്ന
വാക്കുകളും
മന്ദസ്മിതത്തിന്റെ ഇളംപീലികളും
ചേർത്തു
തുന്നിവച്ചൊരു പൂക്കുട ഞങ്ങളുടെ
ഹൃദയത്തിന്റെ ആഴങ്ങളിൽ
നിന്റെ ഓർമ്മകൾക്കുചാരെ
എന്നും ചേർത്തു വയ്ക്കുന്നു!!

**പി.എൻ. സരസമ്മ**

## കരുത്തു പകർന്നു നല്കിയ.... തുടർച്ച

സ്മാരകത്തിൽ രോഗികൾക്ക് സൗജന്യ താമസം നൽകാൻ ആരംഭിച്ചു. ഓരോ രോഗിക്കും പത്മിനി ചേച്ചിയുടെ പ്രത്യേക ശ്രദ്ധ ലഭിച്ചുവന്നു. RCC യിൽ അവർക്കുവേണ്ട സഹായം ആശ്രയയിൽ നിന്നുള്ള ധനസഹായം, സ്വന്തം കൈയിൽ നിന്നുള്ള ധനസഹായം ഇങ്ങനെ ഓരോ രോഗിക്കു വേണ്ടിയും പത്മിനി ചേച്ചി അവിശ്രമം പണിയെടുത്തു. കുടുംബപ്രശ്നവുമായി ഷോർട്ട് സ്റ്റേ ഹോമിൽ വന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആ വാത്സല്യവും സ്നേഹവും അതിരില്ലാതെ ലഭിച്ചിട്ടുണ്ട്. നെട്ടയത്ത് ഷോർട്ട് സ്റ്റേഹോമിനുവേണ്ടി കെട്ടിടം പണി ആരംഭിച്ചപ്പോൾ മുതൽ നിരന്തരം habitatമായി ബന്ധപ്പെടുകയും അതിന്റെ ചുമതല സ്വയം ഏറ്റെടുക്കുകയും ചെയ്തു.

2004 ൽ ഞാൻ റിട്ടയർ ചെയ്തതു മുതൽ പകൽ സമയം ഞങ്ങളൊരുമിച്ചാണ് എന്ന സ്ഥിതിയായിരുന്നു. ഹൃദയത്തോട് ചേർത്തു നിർത്തി സ്നേഹിച്ചും തെറ്റുകൾ കണ്ടാൽ മുഖത്ത് നോക്കി പറഞ്ഞും കൂട്ടായി ആലോചിച്ചും ഒരു പതിറ്റാണ്ടിലേറെക്കാലം എത്ര പെട്ടെന്ന് കഴിഞ്ഞുപോയി. പത്മിനി ചേച്ചിയുടെ ദേഹവിയോഗം എന്റെ മനസ്സിൽ ഏൽപ്പിച്ച ആഘാതം എത്രയെന്ന് പറയാൻ അറിയില്ല. എല്ലാ ദിവസവും രാവിലെ എനിക്ക് ലഭിച്ചുകൊണ്ടിരുന്ന ഫോൺ കോൾ 2015 ഡിസംബർ 11 മുതൽ ലഭിക്കുന്നില്ല. എന്റെ മനസ്സിലും കേരള വർക്കിംഗ് വിമൻസ് അസോസിയേഷന്റെ വണ്ടിയിലും അപാരമായ ശൂന്യത.

**ടി. രാധാമണി**
സെക്രട്ടറി
ദേവകിവാര്യർ സ്മാരകം



# മിന്നുന്ന താരമായി പത്മിനി വർക്കി

20 വർഷം മുമ്പ് ആശ്രയ എന്ന സംഘടനകൈയിലെണ്ണാവുന്ന കുറച്ച് വനിതകളുമായി തുടങ്ങിയ സമയത്ത് പത്മിനി വർക്കി അംഗമായി ചേർന്നു. ആദ്യകാലത്തൊന്നും എനിക്ക് പത്മിനിയെ കൂടുതലായി മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല. സാവകാശം ആശ്രയ കൂടുതൽ ചുമതലകൾ എടുത്തു തുടങ്ങിയപ്പോൾ കീമോതെറാപ്പി വാർഡിലും പാലിയേറ്റ് വാർഡിലും സ്ഥിരമായി വരാൻ തുടങ്ങിയതിൽ പിന്നെയാണ് ഞാൻ പത്മിനി മുതലായവരുടെ ആത്മാർത്ഥമായ സേവനത്തിന്റെ വില മനസ്സിലാക്കിയത്. പിന്നീടങ്ങോട്ട് ഇത്രയും വർഷവും ആശ്രയയ്ക്ക് എന്ത് പ്രശ്നങ്ങളുണ്ടെങ്കിലും എന്ത് ആവശ്യങ്ങളുണ്ടെങ്കിലും ഏത് മീഡിയയുടെ സഹായം വേണമെങ്കിലും ഞാൻ പത്മിനിയെ ആശ്രയിക്കാറുണ്ടായിരുന്നു. ഒരു മടിയും ഒരിക്കലും പറയാതെ രാത്രിയെന്നോ പകലെന്നോ നോക്കാതെ ഈ പ്രായത്തിലും ആശ്രയയ്ക്ക് വേണ്ടി പ്രവർത്തിക്കുമായിരുന്നു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും എന്നുവേണ്ട എല്ലാവർക്കും "പത്മിനിചേച്ചി"യായിരുന്നു. ആശ്രയ അംഗങ്ങൾക്കെല്ലാം പത്മിനി ആന്റിയായിരുന്നു. അവരവരുടെ മതവും വിശ്വാസവും അവരവർക്ക് വിലപ്പെട്ടതാണ്. എല്ലാവരേയും സ്നേഹിക്കുവാനും ഉൾക്കൊള്ളുവാനും നമുക്ക് സാധിക്കണമെന്ന് ആശ്രയ സോവനീറിൽ എഴുതിയതുപോലെ പത്മിനി ജീവിതത്തിൽ അത് പ്രാവർത്തികമാക്കി. സാമ്പത്തികമായും ശാരീരികമായും പറ്റുന്ന എല്ലാ സഹായവും രോഗികൾക്കും കുടുംബത്തിനും ചെയ്യുമായിരുന്നു. പച്ചക്കറിയും തുണികളും ചുമന്നുകൊണ്ട് ശ്രദ്ധയിലേക്ക് പോകുന്ന പത്മിനിയെ ഞാൻ ആദരപൂർവ്വം നോക്കാറുണ്ട്. കൂടാതെ 78 വയസ്സിലും നരച്ചുവരുന്ന മുടിവെട്ടി രോഗികൾക്ക് വിഗ്ഗ് ഉണ്ടാക്കാനായി കൊടുക്കുന്നതും പതിവായിരുന്നു. ഇതിനെല്ലാം ഉപരിയായി പത്മിനിയുടെ ഭരണപാടവവും നേതൃത്വപാടവവും എത്ര അവസരങ്ങളിലാണ് ഞാൻ കണ്ടിട്ടുള്ളത്. അത് എനിക്ക് ചിന്തിക്കാൻ പറ്റാത്തതായിരുന്നു. സ്വന്തം പെൻഷനും മക്കളുടെയും കൊച്ചുമക്കളുടെയും സംഭാവനയും മാത്രമല്ല ആരെങ്കിലും വിഷമിക്കുന്നത് കണ്ടാൽ സുമനസ്സുകളോട് കൈനീട്ടി പണമുണ്ടാക്കി അവരെ സഹായിക്കുമായിരുന്നു. അങ്ങനെ മക്കളേയും കൊച്ചുമക്കളെയും ചേർത്തിണക്കി ഒരു നല്ല അമ്മയും അമ്മാമ്മയുമായിരുന്നു. ആശ്രയ അംഗങ്ങൾക്ക് ഒരു സ്നേഹ തലോടലായിരുന്ന പത്മിനി ഞങ്ങൾക്കെല്ലാവർക്കും നല്ലൊരു മാതൃക കാണിച്ചുകൊണ്ട് കർമ്മനിരതയായി മിന്നിമറഞ്ഞു. ഇനി ഒരു മിന്നുന്ന താരമായി ഒരു മാലാഖയായി ഞങ്ങളുടെ മനസ്സിൽ പത്മിനി ജീവിക്കും.

**ശാന്താ ജോസ്**
പ്രസിഡന്റ്, ആശ്രയ






# ശ്രദ്ധ

## സൗജന്യ ഉച്ചഭക്ഷണം

തിരുവനന്തപുരം മെഡിക്കൽകോളേജിൽ 'ശ്രദ്ധ'യുടെ ആഭിമുഖ്യത്തിൽ എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്തുവരുന്നു. സുമനസ്സുകളുടെ സഹായം ഉള്ളതുകൊണ്ടാണ് ഞങ്ങൾക്കിത് സാദ്ധ്യമാകുന്നത്. ഈ കാരുണ്യസേവനപ്രവർത്തനത്തിൽ പങ്കാളിയാകുവാൻ താല്പര്യമുള്ളവരെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. സംഭാവന നൽകുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

**അക്കൗണ്ട് നമ്പർ : 57000699425, IFSC Code: SBTR0000515**
**എസ്.ബി.ടി, സെക്രട്ടേറിയറ്റ് വ്യൂ ബ്രാഞ്ച്**


# മറയാത്ത ഓർമ്മകൾ

പത്മിനിയും ഞാനും അടിക്കടികാണുന്നവരല്ലായിരുന്നുവെങ്കിലും കാണുമ്പോഴെല്ലാം അടുത്തിരുന്ന് ഒരു പാടുകാര്യങ്ങൾ സംസാരിക്കും. ഒരു കൊച്ചു കുഞ്ഞിന്റെ നിഷ്കളങ്കതയോടു കൂടിയ സംസാരം എന്നെ ആകർഷിച്ചിട്ടുണ്ട്. പത്മിനിയുടെ മകൻ അനിയനും എന്റെ മകളും ജെ എൻ യുവിൽ സഹപാഠികളായിരുന്നു. അനിയൻ പലപ്പോഴും വീട്ടിൽ വന്നിട്ടുണ്ട്. അങ്ങനെ പത്മിനിയുമായുള്ള ബന്ധം ഒന്നുകൂടി ദൃഢമായി.

ദേവകിവാര്യർ ഫൗണ്ടേഷന്റെ സ്ഥാപകനേതാക്കളിൽ പ്രധാനിയായിരുന്നു പത്മിനി. നിർധനരായ ക്യാൻസർ രോഗികൾക്ക് പാർപ്പിടവും, ഭക്ഷണവും ശുശ്രൂഷയും നൽകുന്ന സ്ഥാപനം നമ്മുടെ രാജ്യത്തും വിദേശത്തുമുള്ള സുമനസുകളുടെ കാരുണ്യം കൊണ്ടുമാത്രം നടക്കുന്ന സ്ഥാപനം. ഇവരെയെല്ലാം ബന്ധപ്പെട്ട് സഹായം തരപ്പെടുത്തുന്നതിൽ പത്മിനി മുൻപന്തിയിലായിരുന്നു.

എല്ലാവരുടേയും പ്രീയപ്പെട്ട അമ്മച്ചിയായിരുന്നു പത്മിനി. കരയുന്നവരുടെ കണ്ണീരൊപ്പിയും വിശക്കുന്നവരെ ആശ്വസിപ്പിച്ചും രോഗികളെ ശുശ്രൂഷിച്ചും വിശ്രമമില്ലാത്ത ജീവിതമായിരുന്നു.

ഈ പ്രവർത്തനങ്ങൾക്കെല്ലാം മക്കളുടേയും നിർലോഭമായപിന്തുണയുണ്ടായിരുന്നു. സാമൂഹ്യസേവനത്തിന്റെ പേരിൽ അവാർഡുകൾ തരപ്പെടുത്തുന്നവരുടെ മുന്നിൽ നക്ഷത്രശോഭയോടുകൂടി തലയുയർത്തി നിൽക്കുന്ന പത്മിനി ആരുടേയും പ്രശംസ ആഗ്രഹിച്ചിരുന്നില്ല.

പത്മിനിയുടെ വിയോഗം ഉൾക്കൊള്ളാൻ കഴിയുന്നില്ല. മായ്ച്ചാലും മായാത്ത ഓർമ്മകൾ അവശേഷിപ്പിച്ച് കടന്നുപോയ എന്റെ പ്രിയ സുഹൃത്തിന്റെ സ്മരണയ്ക്കുമുന്നിൽ തല കുനിയ്ക്കുന്നു

**മേരി ഫെർണാണ്ടസ്**



പത്മിനി വർക്കി ഇന്ന് നമുക്കൊപ്പം ഇല്ലെങ്കിലും എല്ലാ ബുധനാഴ്ചയും മെഡിക്കൽ കോളേജിൽ സൗജന്യ ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന ശ്രദ്ധയുടെ പരിപാടിയിൽ പത്മിനിവർക്കിയുടെ പേരക്കുട്ടി സാറ പങ്കെടുത്തപ്പോൾ

# അനുഭവസാക്ഷ്യം

**ജയചന്ദ്രൻ. കെ**



സ്നേഹമുള്ള ആന്റിമാരെ,

19-4-2011 ന് ഞാനും എന്റെ ഭാര്യയും ട്രെയിൻ ഇറങ്ങി. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ നിന്ന് ഓട്ടോയിൽ കയറി ആർ.സി.സി. ഹോസ്പിറ്റലിൽ എത്തി. ഡോക്ടറെ കാണും മുമ്പേ ഞങ്ങൾ താമസ സൗകര്യത്തിനാണ് അന്വേഷിച്ചത്. അപ്പോൾ ഒരാൾ പറഞ്ഞു ദേവകി വാര്യർ ട്രസ്റ്റിൽ റൂമിനു വേണ്ടി അന്വേഷിക്കുവാൻ. അന്വേഷിച്ചപ്പോൾ റൂം ശരിയായി. റൂമിന്റെ വൃത്തിയും, അന്തരീക്ഷവും, ആന്റിയുടെ നല്ല സഹകരണവും കണ്ടപ്പോൾ തന്നെ ഞങ്ങൾ ബാഗും തുണികളും അവിടെ വെച്ച് താമസം ഉറപ്പാക്കി. ഈ ട്രസ്റ്റിൽ എത്തിയത് ഒരു ദൈവാനുഗ്രഹമാണ്. ഞങ്ങളുടെ സ്ഥലം കോഴിക്കോട് ജില്ല, വടകര താലൂക്ക്. മൂന്ന് പെൺമക്കളെയും വിട്ടു ഇവിടെ എത്തിയപ്പോൾ തന്നെ ആന്റിമാരുടെ സ്നേഹവും, സമാധാനവാക്കുകളും കിട്ടിയപ്പോൾ വിഷമങ്ങൾ ഒക്കെ മറന്നു സന്തോഷം കിട്ടി. ഇവിടെ ഭക്ഷണം പാകം ചെയ്യാനുള്ള സൗകര്യവും ഉണ്ട്. ഓണവും മറ്റു പ്രധാനപ്പെട്ട ദിവസങ്ങൾ എല്ലാം തന്നെ ഒരു കുടുംബത്തിലെ അംഗങ്ങൾ ആയി ഓണസദ്യകളും, ഓണപുടവയും, രോഗികൾക്കും, രോഗിയുടെ കൂടെ നിൽക്കുന്നവർക്കും ലഭിക്കുന്നുണ്ട്. ആർ.സി.സി.യിൽ രോഗികൾക്ക് പോകാൻ വാഹനസൗകര്യവും, രാത്രി വല്ല അസ്വസ്ഥതയും ഉണ്ടെങ്കിൽ ആർ.സി.സി.യിൽ എത്തിക്കുവാൻ ഉള്ള സൗകര്യവും ഉണ്ട്. എനിക്ക് നാക്കിനും, തൈറോയിഡിനും ഓപ്പറേഷനും, കീമോയും, 31 ദിവസം റേഡിയേഷനും കഴിഞ്ഞു. ഓപ്പറേഷന് 4 ദിവസം കിടന്നു, 2 ദിവസം ഐ.സി.യു.വിൽ ആയിരുന്നു. മുഴുവൻ ദിവസങ്ങളിലും ദേവകി വാര്യർ ട്രസ്റ്റിൽ ആയിരുന്നു താമസം. റേഡിയേഷന് ദിവസവും റൂമിൽ നിന്നും ഹോസ്പിറ്റലിൽ പോകൽ ആയിരുന്നു. റേഡിയേഷൻ കഴിഞ്ഞു റൂമിന് മുൻഭാഗം എത്തുമ്പോഴേക്കും ആന്റി പതിവായി ആദ്യം ചോദിക്കുക ഭക്ഷണം കഴിച്ചോ എന്നാണ്. അപ്പോഴേക്കും മാനസികമായി വളരെ സമാധാനം കിട്ടും. 4 വർഷം കൊണ്ട് ഇപ്പോഴും ചെക്കപ്പിന് പോയാൽ താമസം ട്രസ്റ്റിൽ തന്നെയാണ്. എനിക്ക് മൂക്കിൽ റ്റ്യൂബ് കാരണം പ്രത്യേകം കാരറ്റ് ജ്യൂസ് അടിച്ചു തരും. എന്റെ ഭാര്യക്കുള്ള ആഹാരവും ലഭിക്കും. കാൻസർ രോഗം ഭയപ്പെടേണ്ടതില്ല, ധൈര്യവും സന്തോഷചുറ്റുപാടും ആണ് ആവശ്യം. എത്രയോ രോഗികളെ ഞാൻ തമാശ പറഞ്ഞ് ചിരിപ്പിച്ചു സന്തോഷിപ്പിച്ചിട്ടും ഉണ്ട്. അന്നുണ്ടായിരുന്ന ആ സുഹൃത്ത് ബന്ധങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. സംസാരശേഷി ഇല്ലെങ്കിലും എന്നാൽ ആകും വിധം സംസാരിച്ച് മനസ്സിലാക്കുന്നുണ്ട്. എല്ലാ വിഷമങ്ങളിലും അവ തരണം ചെയ്യുവാൻ ആന്റിമാർ വളരെയേറെ സഹായിച്ചിട്ടുണ്ട്. ഇത് ഒരിക്കലും മറക്കാനാവാത്ത ഒരു അനുഭവം ആണ്. റേഡിയേഷൻ ഭയപ്പെടേണ്ടതില്ല, ഒരു കാറ്റ് പോലെ ശബ്ദം 5 മിനിറ്റ് ഉണ്ടാകും. വേദനയോ മറ്റൊന്നും തന്നെ ഇല്ല. പിന്നെ ആശ്രയ എന്ന ഒരു സംഘടന കൂടി ദേവകി വാര്യർ ട്രസ്റ്റിനോടൊപ്പം ഉണ്ട്. മരുന്നിനുള്ള കാശ്, ആശ്രയയിൽ നിന്നും ധനസഹായമായി ലഭിക്കുന്നുണ്ട്. കൂടാതെ ഒരു കുടുംബത്തിലെ രോഗിയുടെ ഒരു പെൺകുട്ടിക്ക് വിദ്യാഭ്യാസത്തിനും, പ്രൊഫഷണൽ കോഴ്സിനും ധനസഹായം ലഭിക്കുന്നുണ്ട്. ജാതി മതം ഇല്ലാതെ എല്ലാവരെയും തുല്യരായി കണ്ടു. ധനസഹായവും, സഹകരണവും ദേവകി വാര്യർ ട്രസ്റ്റിൽ നിന്നും ലഭിക്കുന്നുണ്ട്. കൽക്കത്തയിൽ നിന്നും, ഉത്തർപ്രദേശിൽ നിന്നും വരുന്നവരൊക്കെ ഇവിടെയാണ് താമസം. വളരെ ശാന്തമായ ഉത്തരവാദിത്വത്തോടു കൂടിയുള്ള സൗകര്യമാണ് ദേവകിവാര്യർ ട്രസ്റ്റിൽ ഉള്ളത്. ബഹുമാനപ്പെട്ട സെക്രട്ടറി രാധാമണി ആന്റി, ശ്രീമതി പത്മിനി ചേച്ചി, ലീല ചേച്ചി എന്നിവർ പ്രത്യേകം രോഗികളെയും, രോഗികളുടെ കൂടെ നിൽക്കുന്നവരെയും സന്ദർശിച്ച് ആശ്വസിപ്പിക്കുക പതിവാണ്. എനിക്ക് ഏറെക്കുറെ ധൈര്യം ലഭിച്ചത് ട്രസ്റ്റിൽ നിന്നാണ്. പിന്നെ എന്റെ കുടുംബത്തിനു വേണ്ടി എന്റെ ജീവിതം തിരിച്ചു തന്ന ബഹുമാനപ്പെട്ട ശ്രീ. ബാലഗോപാൽ ഡോക്ടർക്കും, സെബാസ്റ്റ്യൻ ഡോക്ടർക്കും, അരുൺ ഡോക്ടർക്കും മറ്റെല്ലാ ഡോക്ടേഴ്സിനും നന്ദി പറയുന്നു. ക്യാൻസർ ഒരു മാറാരോഗമായി കാണരുത്. ഒരു നാടകവും, പരീക്ഷണവും ആണ്. രോഗിയോടൊപ്പം ഡോക്ടേഴ്സും, ദൈവങ്ങളും ഉണ്ടാകും എന്നത് ഉറപ്പാണ്. ക്യാൻസർ മാറും. പുതുജീവിതം കിട്ടും എന്നുറപ്പുണ്ട് എന്നതാണ് എന്റെ ഏറ്റവും വലിയ അനുഭവ സാക്ഷ്യങ്ങൾ. ദേവകീ വാര്യർ ട്രസ്റ്റിലെ എല്ലാ ആന്റിമാരോടും, ആശ്രയയോടും പ്രത്യേകമായി ആർ.സി.സി.യിലെ എല്ലാ ഡോക്ടേഴ്സിനോടും എല്ലാവരോടും ഞാനും, എന്റെ കുടുംബവും ഒരിക്കൽ ക്കൂടി നന്ദിയോടെ ഓർത്തുകൊണ്ട് നിർത്തുന്നു.




Printing & Lay out : **Maria Print Magic**
Ph: 0471-2323290 mariaprintmagic@gmail.com

Devaki Warrier Memorial Women's Studies & Empowerment Centre, CRRA 37, Chalakkuzhi Road, Pattom (PO), Thiruvananthapuram - 695 004, Ph: 0471-2441794

Private Circulation only